(ബി) ഉണ്ടെങ്കിൽ ഓരോ സർവ്വകലാശാലയുടെ കീഴിലും ഇത്തരത്തിലുള്ള എത്ര സെന്ററുകൾ വീതം പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം സെന്ററുകളുടെ പ്രവർത്തനം ഹൈക്കോടതി തടഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ പകരം ഏർപ്പെടുത്തുവാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) ഉണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാല .. 12
കോഴിക്കോട് സർവ്വകലാശാല .. 11
കണ്ണൂർ സർവ്വകലാശാല .. 3

(സി) എൻ.സി.ടി.ഇ.-യുടെ അംഗീകാരം നേടാതെ അടുത്ത അദ്ധ്യയന വർഷം മുതൽ അംഗീകാരമില്ലാത്ത ബി.എഡ്. സെന്ററുകളിൽ അഡ്മിഷൻ നടത്തരുത് എന്ന് ബഹു. ഹൈക്കോടതി ഉത്തരവിട്ടതായി മാധ്യമ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹു. ഹൈക്കോടതി ഉത്തരവിന്റെ പകർപ്പ് സർക്കാരിൽ ലഭിച്ചിട്ടില്ല. വിധിന്യായം പഠിച്ച് യുക്തമായ നടപടിയെടുക്കുന്നതാണ്.

പോളിറ്റിക്സ് വിഭാഗം ലക്ചറർമാരുടെ ഒഴിവുകൾ

122 [5795] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല, കോഴിക്കോട് സർവ്വകലാശാല, എം. ജി. സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല എന്നിവയിലും സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് കോളേജുകളിലുമായി പൊളിറ്റിക്സ് വിഭാഗം ലക്ചറർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ;

(ബി) സർവ്വകലാശാലകളിലേയും കോളേജുകളിലേയും നിലവിലുള്ള പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള സർവ്വകലാശാലയിൽ പൊളിറ്റിക്സ് വിഭാഗം ലക്ചറർമാരുടെ ഒഴിവ് നിലിവിലില്ല. കോഴിക്കോട് സർവ്വകലാശാലയിൽ പൊളിറ്റിക്സ് വിഭാഗം ഡിപ്പാർട്ട്മെന്റ് ഇല്ല. കണ്ണൂർ/എം.ജി. സർവ്വകലാശാലകളിൽ നിന്ന് ഇതു സംബന്ധിച്ച് വിവരം ശേഖരിച്ചു നൽകുന്നതാണ്. സംസ്ഥാനത്ത് ഗവ. കോളേജുകളിൽ പൊളിറ്റിക്സ് വിഭാഗത്തിൽ 9 ഒഴിവുകൾ നിലവിലുണ്ട്. എയ്ഡഡ് കോളേജുകളെ സംബന്ധിച്ച് വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി, സി) ഗവ. കോളേജുകളിലെ 9 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly